File No.FWLD-B1/72/2019-FWLD

'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5676 02/07/2019 ൽ മറുപടിയ്ക്ക്

## <u>കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u><br>ശ്രീ.കെ.സി.ജോസഫ് | | <u>മറുപടി</u><br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഈ വർഷം മുമ്പെങ്ങുമില്ലാത്ത വിധം കാട്ടുതീ ഉണ്ടായിട്ടുണ്ടോ; ഇതിലൂടെ എത്ര ഏക്കർ വനമാണ് നഷ്ടമായത് എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഈ വർഷം മുമ്പെങ്ങുമില്ലാത്ത വിധം കാട്ടുതീ ഉണ്ടായിട്ടില്ല. 1788.78 ഹെക്ടർ സ്ഥലത്താണ് 2018 - 19 ഫയർ സീസണിൽ (ഡിസംബർ 2018 മുതൽ മെയ് 2019 വരെ) കാട്ടുതീ ബാധിച്ചത്. |
| (ബി) | കാട്ടുതീയിൽ ഏറ്റവും കൂടുതൽ വനം നഷ്ടപ്പെട്ടത് ഏത് ഫോറസ്റ്റ് ഡിവിഷനിലാണ്; | (ബി) | ഈസ്റ്റേൺ സർക്കിളിനു കീഴിലുള്ള മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലാണ് കാട്ടുതീയിൽ ഏറ്റവും കൂടുതൽ വനം നഷ്ടപ്പെട്ടത്. |
| (സി) | കാട്ടുതീ മൂലം നശിക്കുന്ന വനമേഖലയുടെ വിസ്തീർണം ഓരോ വർഷവും കൂടിവരുന്ന സാഹചര്യത്തിൽ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | (സി) | കാട്ടുതീ മൂലം നാശമുണ്ടാകുന്ന വന മേഖലയുടെ വിസ്തീർണത്തിൽ ഓരോ വർഷവും വർദ്ധനവ് ഉണ്ടാകുന്നു എന്ന് പറയാനാവില്ല. 2016 -17 ൽ 2989.68 ഹെക്ടർ ആയിരുന്നത് 2017-18 ൽ 1059.16 ഹെക്ടർ ആയി കുറഞ്ഞു. സംസ്ഥാനത്ത് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വരുന്നു. പ്രതിരോധത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>• വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവർത്തികൾ വിഭാവനം ചെയ്യുന്ന 'ഫയർ മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | പ്ലാൻ' സർക്കിൾ തലത്തിൽ തയ്യാറാക്കി.<br><br>• കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരം തിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്തു.<br><br>• കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവർത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning) , ഫയർലൈൻ തെളിക്കൽ തുടങ്ങിയവ നടത്തി.<br><br>• കാട്ടുതീ ഉണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ രൂപീകരിച്ചിട്ടുള്ള ഫയർ അലർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്തുന്നു.<br><br>• സ്ഥിരമായുള്ളതും, താല്ക്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവ്വറുകൾ സ്ഥാപിച്ചു.<br><br>• കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തിരമായി നിയന്ത്രിക്കുന്നതിന് ഫയർഗ്യാങ്ങുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയവ നടത്തി.<br>• കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തിരമായി എത്തുന്നതിന് വാഹന സൗകര്യം, വിവരം കൈമാറാൻ വയർലെസ്സ് സംവിധാനം, ടെലിഫോൺ, റോഡ് നെറ്റ് വർക്ക് എന്നിവ പ്രയോജനപ്പെടുത്തി.<br><br>• കാട്ടുതീ ഉണ്ടെന്ന റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ലഭിച്ചാൽ ഉദ്യോഗസ്ഥർ അടിയന്തിരമായി സ്ഥലത്തെത്തി വേണ്ട മുൻകരുതലുകളും തീ നിയന്ത്രണ വിധേയമാക്കാൻ വേണ്ട സത്വര നടപടികളും സ്വീകരിച്ചു.<br>• സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെബോധവാൻമാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവു നാടകങ്ങൾ, ഫിലിം ഷോകൾ, എഫ്.എം റോഡിയോവിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.<br>• ജനപങ്കാളിത്തത്തോടുകൂടിയ കാട്ടു തീ പ്രതിരോധ പ്രവർത്തനത്തിന് വി. എസ്. എസ് / ഇ. ഡി. സി തുടങ്ങിയവയുടെ സഹായം ഉറപ്പു വരുത്തി.<br>• ഫ്രണ്ട് ലൈൻ സ്റ്റാഫുകൾക്ക് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകി.<br>• ജലലഭ്യത ഉറപ്പു വരുത്തുന്നതിലേയ്ക്കായി ചെക്ക് ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തുന്നു.<br>• കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>• ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകി.<br>• അഗ്നിപ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ വാങ്ങി നൽകുകയുണ്ടായി.<br>• കാട്ടുതീ പ്രതിരോധ |

| | | | |
|---|---|---|---|
| | | | പ്രവർത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 2 4 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിപ്പിച്ചു.<br><br>• സ്റ്റേറ്റ് തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ & റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു "സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ" രൂപീകരിച്ചിട്ടുണ്ട്.<br><br>• കാട്ടുതീ പ്രതിരോധ പ്രവർ ത്തനങ്ങൾ ക്കായി Fire extinguisher, Fire blower, Power saw, Gum boot, Safety helmet, Gloves, Search light, Sleeping bag, Fire beater, Weed cutter, Sprayer, Chain saw, Fire racker, Knapsac sprayer pump with hose, Billhooks, Jacket തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. |

Praveen

**സെക്ഷൻ ഓഫീസർ**